പലിശയിനത്തിൽ ഖജനാവിൽനിന്നും ചെലവഴിച്ച തുക

11 [323] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പലിശയിനത്തിൽ ഒരു വർഷം എന്തുതുക ഖജനാവിൽനിന്നും ചെലവഴിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഈ ഇനത്തിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതമായിരുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2000-01 സാമ്പത്തിക വർഷം പലിശയിനത്തിൽ ചെലവായത് 2257.60 കോടി രൂപ.

(ബി) 2002-03 . . 2946.77 കോടി രൂപ

2003-04 . . 2739.22 കോടി രൂപ

(താൽക്കാലിക കണക്കുകൾ)

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക്

12 [324] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2004 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് എത്രയാണ്; ഓരോ വർഷത്തെയും കണക്കുകൾ ലഭ്യമാക്കാമോ;

(ബി) 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിലെ സാമ്പത്തിക വളർച്ചാനിരക്ക് എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം സാമ്പത്തിക വളർച്ചാനിരക്കിൽ വ്യതിയാനം വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996 മുതൽ 2004 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് താഴെക്കൊടുത്തിരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly